# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4700** | **27.6.2014-ൽ മറുപടിക്ക്**

### പാർട്ണർ കേരള നഗരവികസന സംഗമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" വി. ഡി. സതീശൻ<br>" ഹൈബി ഈഡൻ<br>" എ. റ്റി ജോർജ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് പാർട്ണർ കേരള നഗര വികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്‌വേയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. |
| ബി) | നഗരവികസന പദ്ധതികൾക്ക് പൊതു-സ്വ കാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തി യിരുന്നത് എന്ന് അറിയിക്കു മോ ; | ബി) | പാർട്ട്ണർ കേരള മീറ്റിൽ ആകെ 89 പ്രോജക്ടുകളാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രോജക്ട് പ്രൊഫൈലുകളുടെ പവർപോയിന്റ് പ്രസന്റേഷൻ പങ്കെടുത്ത നിക്ഷേപകർ മുമ്പാകെ അവതരിപ്പിച്ച് പ്രോജക്ടുകൾ വിശദീകരിച്ചു. പദ്ധതികൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനായി ബന്ധപ്പെട്ട നഗരസഭാ അധ്യക്ഷ ന്മാർക്കും, സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും നിക്ഷേപകർക്കും വേദി ഒരുക്കി അവസരം നൽകി. വിവിധ മേഖലകളിലുള്ള പദ്ധതികൾ സംബന്ധിച്ച് സാങ്കേതിക വിവരം ചർച്ച ചെയ്യുന്നതിന് ശുചിത്വമിഷൻ ഉദ്യോഗസ്ഥരെയും, തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടർ, ചീഫ് ടൗൺപ്ലാനർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിരുന്നു. നഗരകാര്യവകുപ്പ് മന്ത്രി നിക്ഷേപകരുടെ സംശയ നിവാരണത്തിനായി അവസരമൊരുക്കി. |
| സി) | ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാ ണ് ഇതിൽ അവതരിപ്പിക്കപ്പെട്ടത് ; വിശദമാക്കുമോ ; | സി) | സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കൺവെൻഷൻ സെന്റർ, മൾട്ടിപ്ലക്സ് സിനിമാഹാൾ, സ്വിവറേജ്, അമ്യൂസ്മെന്റ് പാർക്ക്, ഫുട് ഓവർ ബ്രിഡ്ജ്, പാർക്കിംഗ് ലോട്ട്സ്, മാർക്കറ്റ്, ബസ് ടെർമിനൽ, കംഫർട്ട്സ്റ്റേഷൻ, പാർക്ക്, ടൗൺ ബ്യൂട്ടിഫിക്കേഷൻ, സ്ട്രീറ്റ്ലൈറ്റ്, |

ഹോർഡിംഗ്സ് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് പാർട്ട്ണർ കേരളയിൽ അവതരിപ്പിച്ചിട്ടുള്ളത്.

ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത സംഗമത്തിനുശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഡി) പാർട്ണർ കേരള നിക്ഷേപക സംഗമത്തിൽ രൂപം കൊണ്ട പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിനും ശുപാർശകൾ അംഗീകരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സെക്രട്ടറി (അർബൻ) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപക സംഗമത്തിൽ തുടർചർച്ച നടത്താൻ തയ്യാറാണെന്ന് താല്പര്യപത്രം നല്കിയ നിക്ഷേപകരുമായി കൂടുതൽ ചർച്ചകൾ നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ